പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4411

28.06.2012- ലെ
മറുപടിക്ക്

## കയർ മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>,, മാത്യു റ്റി. തോമസ്<br>,, സി. കെ. നാണു | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ മേഖല ഇപ്പോൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)കയർ വിപണിയിൽ ഉണ്ടായിരിക്കുന്ന മാന്ദ്യം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ഉൽപ്പാദന ചെലവിന് അനുസൃതമായി കയറിന് വില ലഭിക്കുന്നതിനായി കയർവില പുനർ-നിർണ്ണയിക്കുന്നതിന് ഒരു വില നിർണ്ണയ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ കമ്മീഷൻ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തി വിവരശേഖരണം നടത്തിവരുന്നു. ഒരു താത്ക്കാലിക നടപടി എന്ന നിലയിൽ കയറിന്റെ വില സർക്കാർ നിശ്ചയിച്ച അഡ്ഹോക്ക് കമ്മറ്റി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. സംഘങ്ങൾ ഉത്പ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും വാങ്ങി സംഭരിക്കുന്നതിന് കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന് കയർഫെഡിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ, മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ്, പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെൻറീവ് വില വ്യതിയാന ഫണ്ട് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കയറുല്പന്നങ്ങൾക്ക് വ്യാപകമായ വിപണന സാധ്യത ലഭിക്കുന്നതിനും പ്രചാരണത്തിനുമായി കയർ കേരള പോലുള്ള പരിപാടികളും നടത്തിവരുന്നു. |

| | |
|---|---|
| (സി)പ്രസ്തുത മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് മാറി പ്രവർത്തിക്കുന്നതിനാൽ കയർ വിപണി നേരിടേണ്ടിവരുന്ന വൻതകർച്ച നേരിടാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ? | (സി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കയർപിരിമേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനമായി 210/- രൂപയും ഉത്പന്ന മേഖലയിൽ 285/- രൂപയും നൽകുന്ന ഇൻകം സപ്പോർട്ട് പദ്ധതി നടപ്പാക്കി കഴിഞ്ഞു.സംഘം നൽകുന്ന കൂലിയിൽ നിന്നും വരുന്ന വ്യത്യാസ തുക സർക്കാർ നേരിട്ട് നൽകുന്നു. സർക്കാർ നൽ കുന്ന ഈ കൂലി സംഘം/സ്വകാര്യ സംരഭകർ നൽകുന്ന കൂലിയേക്കാൾ പൊതുവെ കൂടുതലാണ്. ഈ പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന്, കയർ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികൾ ആകർഷിക്കപ്പെടുന്നു ണ്ട് |

സെക്ഷൻ ഓഫീസർ